(ഡി) നടപടി സ്വീകരിച്ചുവരുന്നു.

പുതുതലമുറ ആയുർവേദ ഉൽപ്പന്നങ്ങൾ

59 (648) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതലമുറ ആയുർവ്വേദ ഉൽപ്പന്നങ്ങൾ മിക്കവയും വ്യാജവും ഗുണനിലവാരമില്ലാത്തതും പൊതുജനാരോഗ്യത്തെ ബാധിക്കുന്നവയുമാണെന്ന മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ലൈംഗീക ഉത്തേജകഔഷധം പൊണ്ണത്തടി കുറയ്ക്കൽ ഔഷധം എന്ന പേരുകളിൽ വ്യാപകമായി പരസ്യം ചെയ്യുന്ന ഔഷധങ്ങളുടെ നിജസ്ഥിതി പൊതുജനാരോഗ്യത്തെ മുൻനിർത്തി വെളിപ്പെടുത്താൻ സംസ്ഥാന ആരോഗ്യവകുപ്പ് നടപടി സ്വീകരിക്കുമോ ;

(സി) വ്യാജവും ഗുണനിലവാരം ഉറപ്പുവരുത്താത്തതുമായ ഔഷധങ്ങൾക്ക് വൻപരസ്യം നൽകി വിപണനം നടത്തുന്നത് തടയാൻ നടപടി സ്വീകരിക്കുമോ ; ഈ വിഷത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വൻപരസ്യങ്ങളിലൂടെ ഇല്ലാത്തപ്രയോജനങ്ങൾ വാഗ്ദാനം ചെയ്യുന്ന ഔഷധങ്ങളുടെ പരസ്യപ്രചരണം നിലവിലെ നിയമപ്രകാരം തടയുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തിയ ഔഷധങ്ങൾക്ക് മാത്രമേ ലൈസൻസ് അനുവദിക്കുന്നുള്ളു. ലൈസൻസ് ലഭ്യമായ മരുന്നുകൾ ഇല്ലാത്ത രോഗശമനക്ഷമത പറഞ്ഞ് പരസ്യം ചെയ്യുന്നത് നിലവിലെ നിയമപ്രകാരം ശിക്ഷാർഹമാണ്. ഇത്തരത്തിൽ വൻപരസ്യം നൽകുന്ന മരുന്ന് കമ്പനികൾക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു.

കൊയിലാണ്ടി മണ്ഡലത്തിൽ അലോപ്പതി, ആയുർവേദ, ഹോമിയോ വിഭാഗങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ

60 (649) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊയിലാണ്ടി മണ്ഡലത്തിൽ അലോപ്പതി, ആയുർവ്വേദ, ഹോമിയോ വിഭാഗങ്ങളിൽ എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കിയത് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇതിലൂടെ ഇതുവരെ എത്ര രൂപ മണ്ഡലത്തിൽ ചെലവഴിച്ചു വെന്ന്വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വ.ന്നതിനുശേഷം കൊയിലാണ്ടി താലൂക്ക് - ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുകയും സ്പെഷ്യാലിറ്റി, ഒ.പി, ഫാർമസി എന്നിവയ്ക്കായി പുതിയ കെട്ടിടം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മിനി ഓപ്പറേഷൻ തിയേറ്ററുകൾ, ഐ.പി. വിഭാഗം എന്നിവ ഉൾപ്പെടെ ആധുനിക സൗകര്യത്തോടെ ആശുപത്രിക്കായി അഞ്ചുനില കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി. ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഫ്രീസർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആശുപത്രിയിൽ പുതിയ എക്സ്റേ മെഷീൻ അനുവദിച്ചിട്ടുണ്ട്. കൊയിലാണ്ടി സർക്കാർ ഹോമിയോ ആശുപത്രിയിൽ ഒരു അൾട്രാ സൗണ്ട് സ്കാനിംഗ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. പ്രസ്തുത ആശുപത്രിയുടെ നവീകരണത്തിനായി ആശുപത്രി കെട്ടിട നിർമ്മാണത്തിന് 15 ലക്ഷം രൂപയും, ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിന് 5 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. ഈ സർക്കാരിന്റെകാലത്ത് കൊയിലാണ്ടി, ചേമഞ്ചേരി എന്നീ പഞ്ചായത്തുകളിൽ എൻ. ആർ. എച്ച്. എം. മുഖേന ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ രണ്ട് താൽക്കാലിക ആയുർവേദ ഡിസ്പെൻസറികൾ പ്രവർത്തനമാരംഭിച്ചു. പയ്യോളി ആശുപത്രിക്ക് 2008-09-ൽ 73,033 രൂപയുടെ ഫർണിച്ചറുകളും-2009-10-ൽ 2.99 ലക്ഷം രൂപ ചെലവഴിച്ച് ലാബും ലാബ് ഉപകരണങ്ങളും മരുന്നുകളും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) കൊയിലാണ്ടി മണ്ഡലത്തിൽ ആകെ അലോപ്പതി വിഭാഗത്തിൽ 3,11,10,358 രൂപയും ഹോമിയോപ്പതി വിഭാഗത്തിൽ 12,84,000 രൂപയും ഭാരതീയ ചികിത്സാ (ആയുർവേദ) വിഭാഗത്തിനുകീഴിലുള്ള ആശുപത്രികളിൽ 36,08,392 രൂപയും ചെലവഴിച്ചിട്ടുണ്ട്.

കിഴുവിലം ആയുർവേദ ആശുപത്രിയിൽ മർമ്മചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി

61 (650) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഴുവിലം ആയുർവ്വേദ ആശുപത്രിയിൽ മർമ്മ ചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് നടപ്പാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ;

(സി) എത്ര നാളിനകം ഇത് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly